**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5324** **12-08-2021 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി സംസ്കരണ ഫാക്ടറികൾ നവീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കശുവണ്ടി സംസ്കരണ ഫാക്ടറികൾ നവീകരിക്കുന്നതിനും യന്ത്രവത്കരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ അധീനതയിലുള്ള 30 കശുവണ്ടി ഫാക്ടറികൾ നവീകരിക്കുന്നതിനും നവീകരിക്കുന്നതിനും ഭാഗിക യന്ത്രവൽക്കരണത്തിനുമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2017 - 2018 സാമ്പത്തിക വർഷം 40 കോടി രൂപയും 2020- 2021- ൽ 13.5 കോടി രൂപയും ബജറ്റിൽ അനുവദിച്ചിരുന്നു. പ്രസ്തുത തുക വിനിയോഗിച്ച് കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളിൽ ഭാഗിക യന്ത്രവൽക്കരണത്തിന്റെ ഭാഗമായി കട്ടിംഗ് മെഷീനുകളുടെ സ്ഥാപനം, തൊഴിലാളികളുടെ തൊഴിൽ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഇവർക്കാവശ്യമായ ഡൈനിംഗ് ഹാൾ, ഡ്രസ്സിംഗ് റൂം, വായനാ മുറി, ആധുനിക സൗകര്യങ്ങളോടു കൂടിയ ഇൻസിനേറ്ററുകൾ ഘടിപ്പിച്ച ടോയ്‌ലറ്റ് ബ്ലോക്കുകൾ, അന്തരീക്ഷ ഊഷ്മാവ് ക്രമീകരിക്കുന്നതിനാവശ്യമായ ടർബോ ഫാൻ, സി.സി.റ്റി.വി സർവയിലൻസ് ക്യാമറകൾ, ചുമട് അനായാസമാക്കുന്ന ഹൈഡ്രോളിക് പുള്ളറ്റ് ട്രെക്കുകൾ, ഷെഡുകളുടെ ഊഷ്മാവ് ക്രമീകരിക്കുന്നതിനുള്ള തെർമൽ സിസ്റ്റം, തൊഴിലാളികളുടെ കുട്ടികൾക്ക് ആവശ്യമായ തൊട്ടിൽപ്പുര എന്നീ നവീകരണ യന്ത്രവൽക്കരണ നടപടികൾ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 2021-22 സാമ്പത്തിക വർഷം 550 ലക്ഷം രൂപയും കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണത്തിനും ഭാഗീക യന്ത്രവത്ക്കരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തുകയും ഇതിൽ 510 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ